# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 868 03.12.2014 - ൽ മറുപടിക്ക്

## പരിയാരം ആയുർവേദ കോളേജിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.വി.രാജേഷ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവ: ആയുർവേദ കോളേജിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 18/10/2013 ന് കണ്ണൂർ വാട്ടർ സപ്ലൈ ഡിവിഷൻ ഓഫീസിൽ 50 ലക്ഷം രൂപ ഡിപ്പോസിറ്റ് ചെയ്തെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും നിർമ്മാണം തുടങ്ങിയിട്ടില്ല. നിർമ്മാണ പ്രവർത്തനം നീണ്ടുപോകുന്നതെന്തുകൊണ്ട്; വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ അന്വേഷണം നടത്തി അടിയന്തിരമായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ) & (ബി) കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവേദ മെഡിക്കൽ കോളേജിന് ഇപ്പോൾ നിലവിലുള്ള ജലവിതരണ പദ്ധതിക്ക് വേണ്ടി പ്രതിദിനം 2 ലക്ഷം ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള ഒരു ജല ശുദ്ധീകരണശാല നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിന്റെ എസ്റ്റിമേറ്റ് തുക 50 ലക്ഷം രൂപയായിരുന്നു. ഇതിനായാണ് 50 ലക്ഷം രൂപ ബഹു. കല്ല്യാശ്ശേരി എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്ന് കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിരുന്നത്. എന്നാൽ പദ്ധതിയുടെ വിശദമായ പരിശോധനയിൽ പ്രസ്തുത പദ്ധതി വളരെയധികം ദൈനംദിന ചെലവുകളും ആവർത്തന ചെലവുകളും ഉള്ളതാണെന്ന് തെളിഞ്ഞിട്ടുണ്ട്. കൂടാതെ വളരെയധികം സാങ്കേതിക മേൽനോട്ടവും പ്രതിദിനം ആവശ്യമാണ്. ഇത് ആയുർവേദ കോളേജിന് വളരെയധികം സാമ്പത്തികബാധ്യത ഉണ്ടാക്കുന്നതാണ്. അതിനാൽ 'ജിക്ക' പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടി കോളേജിന്റെ ദൈനംദിന ആവശ്യങ്ങൾക്ക് യഥേഷ്ടം ശുദ്ധജലം ലഭ്യമാക്കാൻ കഴിയുമെന്നതിനാൽ പ്രസ്തുത പൈപ്പ് ലൈൻ

നീട്ടി കോളേജിന് ജലം ലഭ്യമാക്കുന്ന പദ്ധതി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് കേരള വാട്ടർ അതോറിറ്റി കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ കോളേജ് സൂപ്രണ്ടിന് കത്ത് നൽകിയിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ